# സാന്തോം മെസഞ്ചർ

St. Thomas Forane Church - Parish Bulletin
Dharmaram College, Bangalore - 560029

SANTHOME MESSENGER
Vol: 43 / Issue: 8 / Oct.-Nov. 2017

## EDITORIAL BOARD

**Printed & Published by**

**Rev. Fr. Cyriac Madathil CMI**
Vicar, St. Thomas Forane Church
Mob : 9605963021

**Chief Editor**

**Fr. Justin Manninezhath CMI**
Asst. Vicar
Mob : 9916190495
E-mail : justinmanninezhathcmi@gmail.com

**Associate Editor**

**Fr. Benny Tharakunnel CMI**
Asst. Vicar
Mob : 9480732249
E-mail : bennytharakunnel@gmail.com

**Editorial Board**

Mr. Benjamin Raphael (Trustee in charge)
Mr. Tony Thomas
Mr. Leejoe Thomas
Mrs. Prameela Varghese
Mrs. Sweetha Mary Rejy

**Layout Design & Printing**

**Matha Printers**
Tel : 2684 5565, 9886809060
E-mail : mathaprints@gmail.com



www.stthomasforanechurch.org
stthomasforanechurch@gmail.com

## ഉള്ളടക്കം

ഇടയനാദം 2
Musings From the Editor 3
ശിക്കാരിപുര മിഷൻ സ്റ്റേഷനിലൂടെ... 4
പ്രധാന കൗൺസിൽ തീരുമാനങ്ങൾ 5
വിശുദ്ധരുടെ ജീവിതം കുഞ്ഞുങ്ങൾക്ക് മാതൃക 6
ഇന്നു മുതൽ മരണം വരെ.. 7
Pray for the Unknown 9
തിരുവചനത്തണലിൽ 10
ജപമാല ഭക്തി 11
Blessed Rani Maria 12
St. Mary's Mass Centre, Christ Nagar, Anekal 13
Christmas Tidbits!! 14
Random Acts of Christmas Kindness 16
Catechism Corner 17
St. Thomas Youth 18
മോറിയ മീറ്റ് 2017 19
മലയാളം മിഷൻ 20
From the STARTT Desk…….. 21
ഇടവകയിലെ സന്യാസ സമൂഹങ്ങൾ 22
ഇടവക വാർത്തകൾ 25
എഫാത്ത ബൈബിൾ ക്വിസ് 28



സാന്തോം മെസഞ്ചറിനെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, സാഹിത്യ സൃഷ്ടികളും 2017 ഡിസംബർ 10- ന് മുമ്പായി പാരീഷ് ഓഫീസിൽ ഏൽപ്പിക്കുക.

Email : stthomasforanechurch@gmail.com
Mob. : 9916190495, 080 4370 2482

## ഇടയനാദം

# കുടുംബങ്ങളിൽ തീക്കനൽ



ഏറ്റം സ്നേഹമുള്ള കുടുംബാംഗങ്ങളെ,
ആരാധന ക്രമത്തിൽ പള്ളികൂദാശകാലമാണല്ലോ ഇത്. ആദ്യ ഞായറാഴ്ചയിലെ പഴയ നിയമ വായന ഓർമ്മ വരുന്നു (ഐസയ 6:1-8). ഐസയാസ് പ്രവാചകനുണ്ടായ ദർശനത്തിന്റെ അവസാനത്തിൽ ഒരു മാലാഖ വിശുദ്ധ സ്ഥലത്തു നിന്നും ഒരു തീക്കനൽ കഷണം എടുത്ത് പ്രവാചകന്റെ ചുണ്ടിലും നാവിലും വയ്ക്കുന്നു.

ദൈവപിതാവിന് സഭയെ ഈശോ സമർപ്പിച്ചതിന്റെ ഓർമ്മയും ആഘോഷവുമാണല്ലോ പള്ളികൂദാശകാലം. ഒപ്പം സഭാമക്കളുടെ വളർച്ചയ്ക്ക് കൂദാശകളും നൽകി. പുതിയ നിയമ തീക്കനലാണ് ഈശോയുടെ തിരുശരീരവും തിരുരക്തവും. ആ തീക്കനൽ നാവിൽ സ്വീകരിക്കുന്നവർ എത്രമേൽ ആഴത്തിൽ വിശ്വാസത്തിൽ വളരണം, എത്രമേൽ ഇഴയടുപ്പമുള്ള കുടുംബബന്ധങ്ങളുടെ ഉടമകളാകണം എന്ന് ആരാധന ക്രമത്തിലെ ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു.

സ്വർഗ്ഗീയ ജറുസലേമിന്റെ മുന്നാസ്വാദനത്തിനുള്ള യാത്രയാവണം നമ്മുടെ കുടുംബങ്ങളുടേത്.

ഒന്നര നൂറ്റാണ്ട് മുമ്പ് വിശുദ്ധ ചാവറ പിതാവ് എഴുതിയ കുടുംബചട്ടം (ചാവരുൾ) മേൽപറഞ്ഞ യാത്രക്കാരെ ഉദ്ദേശിച്ചെഴുതിയതെന്നതിൽ തർക്കമില്ല. പ്രാർത്ഥനയും കൗദാശിക ജീവിതവും സമ്പത്തിന്റെ വിനിയോഗം, കുട്ടികളുടെ വിദ്യാഭ്യാസം, വൈവാഹിക ബന്ധങ്ങളിലെ വിശ്വസ്തത, പാവപ്പെട്ടവരോടുള്ള മാന്യതയും കരുണയും, സമയനിഷ്ഠ, മക്കളുടെ നല്ല വളർത്തൽ, മാതാപിതാക്കളോട് മക്കളുടെ കടമ തുടങ്ങി ക്രൈസ്തവ കുടുംബത്തിന് സ്വർഗ്ഗീയ ജറുസലേം യാത്രയ്ക്കുവേണ്ട എല്ലാ ഒരുക്കങ്ങളും നൽകുന്നതാണ് ചാവരുൾ.

ക്രിസ്തീയ കുടുംബ ജീവിത മാർഗ്ഗരേഖകളിൽ വിശുദ്ധ ചാവറ പിതാവിന്റെ ചാവരുൾ ഏറെ പ്രധാനപ്പെട്ടതാണെന്ന സത്യം ഓർക്കുക.

നമുക്ക് ഒന്നിച്ച് ഈ യാത്രയിൽ പങ്കുചേരാം. ഈ യാത്ര നമ്മൾ എത്തുന്നത് കാലിത്തൊഴുത്തിൽ... അതെ ദൈവപുത്രന്റെ ജനനസ്ഥലമാണ്... നമ്മുടെ ഹൃദയം നിറയെ ഉണ്ണിശോയ്ക്കുള്ള സമ്മാനങ്ങളുമായി യാത്രതിരിക്കാം. നമ്മുടെ സഞ്ചി നിറയെ ദൈവ സ്നേഹവും സഹോദരസ്നേഹവും ഉണ്ടാകട്ടെ. അതിൽ മാതാപിതാക്കളോടുള്ള ആദരവ് ഉണ്ടാകണം. മക്കളോടുള്ള സ്നേഹവും ദാമ്പത്യ വിശ്വസ്തതയും കരുതിക്കോളൂ. പ്രായംചെന്ന മാതാപിതാക്കളെ ശുശ്രൂഷിച്ചതിനും ഭക്ഷണവും മരുന്നും നൽകിയതിന് പൈസ കണക്ക് പറഞ്ഞിട്ടുണ്ടെങ്കിൽ കുമ്പസാരിക്കാനും മറക്കണ്ട. പരിശുദ്ധ അമ്മയെയും വിശുദ്ധ യൗസേപ്പിനെയും നമ്മുടെ നിയോഗങ്ങൾ അറിയിക്കാൻ മറക്കണ്ട. ആട്ടിടയന്മാരോട് ഒരു താങ്ക്സും പറയണെ.

**Fr. Cyriac Madathil CMI**
Forane Vicar

## 150 വർഷങ്ങൾ പിന്നിടുന്ന ഒരു നല്ല അപ്പന്റെ ചാവരുൾ



കാരണവന്മാരേ, നിങ്ങളുടെ മക്കളെ വളർത്തുന്ന കാര്യം നിങ്ങളുടെ എത്രയും പ്രധാനപ്പെട്ട കാര്യവും കടമയും ആകുന്നു എന്നു നന്നായി അറിഞ്ഞുകൊൾക.

സർവ്വേശ്വരൻ തമ്പുരാൻ സൂക്ഷിപ്പിനായിട്ടു നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ദൈവത്തിന്റെ നിക്ഷേപമാകുന്നു നിങ്ങളുടെ മക്കൾ. അവരെ വിശുദ്ധരായ് വളർത്തുകയും, വിശുദ്ധരായ് ദൈവം തമ്പുരാന് തിരിച്ചു നൽകുകയും വേണം അങ്ങനെ ചെയ്യാത്ത മാതാപിതാക്കളുടെ അവസാന നാളുകൾ കണ്ണുനീര് നിറഞ്ഞതായിരിക്കും

**വി. ചാവറ പിതാവ്**

# Musings from the Editor



Dearly Beloved in Jesus,

In November we celebrated 'All Saints' Day'. And this year our celebration was even more special. Why??! On November 4th Sister Rani Maria was beatified as Blessed Rani Maria!! Getting to know the saints is a very good way of getting to know God. Take some time to read about the saints. You will definitely be amazed and they will lead you closer to Jesus.

In the Bible, Jesus has many names that identify His character. One of those names is Emmanuel, which means "God with us." Before Jesus came to earth, people had to go through all kinds of rituals to become clean enough to go near to Him. But, when God sent His Son for us, He is the one who cleanses us and makes His home in our hearts.

This Christmas let's thank Him for choosing to make His home in each of our hearts. Isn't it good to know that God is always with us? God wants to know our sorrows and brokenness. God knows our hopes, dreams and prayers for our own selves and for the world. So, the next time you feel alone, think about this. Remember that He is near, because you serve Emmanuel—the God who is always with you!

He will NEVER leave you or forsake you!

This Christmas may your hearts be warmed by selfless acts of charity, goodwill, and service to others, even as the Lord "did not come to be served, but to serve." (Matthew. 20:28). May all your charitable deeds done in secret be rewarded openly by the Lord blessing you with an inner sense of peace and joy!

Wishing you a blessed and merry season!
Yours in Jesus,

**Fr. Justin Manninezhath CMI**

Asst. Vicar




Special Christmas Sale!

Christmas cards, Stars, Crib sets, Gift Items, CDs, Decorative items are available at reasonable rate.

ക്രിസ്മസ് കാർഡുകൾ, നക്ഷത്രങ്ങൾ, ക്രിബ് സെറ്റുകൾ, അലങ്കാരവസ്തുക്കൾ മുതലായവ മിതമായ നിരക്കിൽ ലഭിക്കുന്നു.

SANTHOME BOOK STALL

ST. THOMAS FORANE CHURCH, DHARMARAM

Ph.080 43702482
9902138813

# ശിക്കാരിപുര മിഷൻ സ്റ്റേഷനിലൂടെ...

## (മണ്ഡ്യ രൂപത)





Adv. George Joseph



John Saju



George Chacko



Biju George



Benjamin Raphael



Sherin Devassy

കർണ്ണാടകയിലെ മണ്ഡ്യ ജില്ലയിലെ നാഗമംഗലക്ക് അടുത്താണ് ശിക്കാരിപുര എന്ന ചെറിയ ഗ്രാമം. ഇതൊരു ഗ്രാമമായി കണക്കാക്കാൻ തുടങ്ങിയിട്ട് അധികകാലം ആയിട്ടില്ല,. 'ഹക്കി പിക്കി' കൾ എന്നറിയപ്പെടുന്ന, പക്ഷിപിടുത്തം തൊഴിലാക്കിയ നാടോടികളാണ് ശിക്കാരിപുര നിവാസികൾ ഇവരുടെ ഉത്ഭവം ഗുജറാത്തിലാണ് പക്ഷി പിടുത്തവും, നായാട്ടുമായി ഗ്രാമത്തിലെ പുരുഷന്മാർ എപ്പോഴും കാടുകളിലായിരിക്കും. സ്ത്രീകളാണ് നായാടിക്കൊണ്ടുവരുന്നവയെ വിൽക്കുവാൻ പോകുന്നത്. മൃഗങ്ങളുടെയും, പക്ഷികളുടെയും തൊലിയും തൂവലും ഉണക്കി മനോഹരമായ കരകൗശല വസ്തുക്കളും ശിക്കാരി പുരക്കാർ നിർമ്മിക്കുന്നുണ്ട്. ഇങ്ങനെ നിർമ്മിക്കുന്നവ സമീപപ്രദേശങ്ങളിലും പട്ടണങ്ങളിലും കൊണ്ടുപോയി വിറ്റാണ് ഇവർ കുടുംബം പുലർത്തുന്നത്.

കോട്ടയം ജില്ലയിൽപെട്ട സെന്റ് തോമസ്സ് മിഷനറി സൊസൈറ്റിയിലെ അംഗങ്ങളാണ് ശിക്കാരിപുരയെ ഈ കാണുന്ന ഗ്രാമമാക്കുന്നതിൽ വലിയ - പങ്കു വഹിച്ചിരിക്കുന്നത്. ഗ്രാമവാസികളുടെ ജീവിത നിലവാരം ഒരു പരിധിവരെ മെച്ചപ്പെടുത്തുന്നതിൽ ഈ മിഷനറിമാർ അശ്രാന്തം പരിശ്രമിക്കുകയാണ് ഇന്നും.

ഏകദേശം 9 മണിയോടുകൂടെയാണ് ബഹുമാനപ്പെട്ട വികാരിയച്ചനും, സഹവികാരിമാരും, ട്രസ്റ്റിമാരും അടങ്ങുന്ന സംഘം ശിക്കാരിപുര മിഷൻ സ്റ്റേഷനിൽ എത്തുന്നത്. സെൻ തോമസ് മിഷനറി സൊസൈറ്റിയിലെ ബഹു. മാർട്ടിനച്ചൻ ഞങ്ങളെ സ്വീകരിച്ചു. അവധിദിവസമായിരുന്നതിനാൽ ഗ്രാമത്തിലെ മുഴുവൻ കുട്ടികളും, യുവതീയുവാക്കന്മാരും അപ്രതീക്ഷിതമായി എത്തിയ അതിഥികളെ സ്വീകരിക്കുവാൻ ഒറ്റ മുറി മാത്രമുള്ള പള്ളിയുടെ മുമ്പിൽ വന്നിട്ടുണ്ടായിരുന്നു. ഞങ്ങളോട് അവർ വളരെ പെട്ടെന്നു തന്നെ ഇണങ്ങിച്ചേർന്നു. വളരെ നന്നായി കന്നഡയും, ഹിന്ദിയും, മറാത്തിയും ഓരോരുത്തരും സംസാരിക്കുന്നുണ്ടായിരുന്നു. 'വാഗിരി' എന്ന പ്രത്യേക, ലിപിയില്ലാത്ത ഭാഷയാണ് ഹക്കി പിക്കികൾ സംസാരിക്കുന്നത്.

ഏതാനും മണിക്കൂറുകൾ ഞങ്ങൾ കുട്ടികളോടും യുവാക്കന്മാരോടും കൂടെ ഗ്രാമത്തിലെ ഒട്ടനവധി വീടുകൾ സന്ദർശിക്കുകയുണ്ടായി. കമ്പും, പുല്ലും, ഇലയും കൊണ്ട് ഉണ്ടാക്കിയ വീടുകൾ ഇന്നും ശിക്കാരിപുരയിൽ കാണുവാൻ സാധിക്കുന്നുണ്ട്. ഈ യാത്രയിൽ ഈ ഗ്രാമവാസികളുടെ ജീവിത ശൈലികളും, സ്വഭാവവും വളരെ നന്നായി മനസ്സിലാക്കാൻ സാധിച്ചു. ഗ്രാമവാസികളുടെ നിഷ്കളങ്കതയും, സ്നേഹവും ഞങ്ങൾ നേരിൽ കണ്ട ഓരോ വ്യക്തികളിലും അനുഭവിച്ചറിഞ്ഞു. ഗ്രാമത്തലവനെ (സർപഞ്ച്) കാണുവാനും സംസാരിക്കുവാനും, ഗ്രാമപഞ്ചായത്ത് സന്ദർശിക്കുവാനും അവസരം ലഭിച്ചു.

പഠിക്കുവാനുള്ള കുട്ടികളുടെ താൽപര്യവും സമൂഹത്തിൽ ഉയരണമെന്നുള്ള അവരുടെ വ്യക്തിപരമായ ആഗ്രഹവും ഓരോ അവസരത്തിലും ഞങ്ങൾക്ക് മനസ്സിലാകുന്നുണ്ടായിരുന്നു. അവരിൽ തന്നെ ധാരാളം ബുദ്ധിമാന്മാരായ കുട്ടികളെയും കാണുവാൻ സാധിച്ചു. ചെറിയ കുട്ടികൾ പോലും പല ഭാഷകളും അനായാസം സംസാരിക്കുന്നുണ്ടായിരുന്നു.

വർഷങ്ങളായുള്ള മിഷനറി പ്രവർത്തനത്തിന്റെ ഫലമായി അവർക്ക് അപ്രാപ്യമായിരുന്ന വിദ്യാഭ്യാസം ഗ്രാമത്തിലെത്തുകയുണ്ടായി. തൊട്ടടുത്ത സർക്കാർ വിദ്യാലയങ്ങളിലും, മിഷൻ സ്കൂളുകളിലും ശിക്കാരിപുരയിലെ കുട്ടികൾ ഇന്ന് മിടുക്കന്മാരായി പഠിച്ച് വരുന്നു. എങ്കിൽ തന്നെയും ഇതും പൂർണ്ണമല്ല എന്നതാണ് സത്യം. സമർത്ഥരായ ചില കുട്ടികൾ ഉന്നത വിദ്യാഭ്യാസം നടത്തുന്നതായും അറിയാൻ കഴിഞ്ഞു. ഗ്രാമത്തിൽ ഇന്ന് ഉള്ളത് ഒരേ ഒരു ബിരുദധാരിയാണ്.

സർക്കാർ നൽകിയിരിക്കുന്ന കൃഷിഭൂമിയും ഞങ്ങൾ സന്ദർശിച്ചു. അവിടെ അവർ മുളക്, റാഗി, തക്കാളി മുതലായ ഉൽപ്പന്നങ്ങൾ കൃഷിചെയ്യുന്നുണ്ട്. പ്രധാനമായും പാറ നിറഞ്ഞ പ്രദേശവും, മൊട്ടകുന്നും ആയതിനാൽ തന്നെ ജല ദൗർലഭ്യം ഇവരുടെ കൃഷിക്ക് എന്നും വെല്ലുവിളിയായി തുടരുന്നു.

ദൈവത്തിന്റെ കരം തൊട്ട് അനുഗ്രഹീതമായ ശിക്കാരിപുരയിലെ ഗ്രാമവാസികൾക്ക് എന്തെങ്കിലും ചെയ്യുവാൻ കഴിഞ്ഞാൽ അത് ഒരു വലിയ കാര്യമായിരിക്കും. വിദ്യാഭ്യാസം, സ്വയം തൊഴിൽ എന്നിവയാണ് ഇന്ന് ശിക്കാരിപുര നിവാസികളുടെ പ്രധാന ആവശ്യം. തൊഴിലിലൂടെ സ്വയം പര്യാപ്തത എന്നതാണ് മിഷൻ സ്റ്റേഷൻ ഏറ്റെടുക്കൽ എന്ന പദ്ധതിയിലൂടെ നമ്മുടെ ഇടവക പ്രധാനമായും ലക്ഷ്യമിടുന്നത്. സമൂഹത്തിൽ അവഗണിക്കപ്പെട്ട ഒരു സമൂഹത്തെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനം.

ഇരുനൂറോളം അംഗങ്ങളുള്ള ചെറിയ ഇടവകപോലും ഇന്ന് മിഷൻ സ്റ്റേഷനുകൾ ദത്തെടുത്തു കഴിഞ്ഞു എന്നത് നമ്മുടെ പോലെയുള്ള വലിയ ഇടവകൾക്ക് ഒരു മാതൃകയാണ്. അതിൽ നിന്ന് പാഠം ഉൾക്കൊണ്ട്കൊണ്ട് നമ്മുടെ സമൂഹത്തിലും, നമ്മുടെ സഹായം പ്രതീക്ഷയോടെ കാത്തിരിക്കുന്ന വിദൂരമായ ഒരു ഗ്രാമത്തിലെ കുഞ്ഞുങ്ങളോടും, യുവതലമുറയോടും നീതി പുലർത്തേണ്ടത് അത്യാവശ്യമാണ്, കടമയാണ്. എല്ലാ ഇടവകാംഗങ്ങളോടും ഈ പ്രവർത്തനങ്ങൾക്ക് സഹകരണം അഭ്യർഥിക്കുന്നു.

**Sherin P. Devassy**

## 2017, സെപ്റ്റംബർ – ഒക്ടോബർ മാസങ്ങളിലെ പ്രധാന കൗൺസിൽ തീരുമാനങ്ങൾ

1. ചിലവ് ചുരുക്കി ഇടവക തിരുനാൾ നടത്തേണ്ടതിന്റെ ആവശ്യകത അംഗങ്ങളെ അറിയിച്ചു.
2. മണ്ഡ്യ രൂപതയിലെ ഏതെങ്കിലും മിഷൻ സ്റ്റേഷൻ ദത്തെടുക്കുവാൻ തീരുമാനിച്ചു.
3. ഇടവക തിരുനാൾ 2018 'കുട്ടികളും കുടുംബവും' എന്ന വിഷയത്തെ ആസ്പദമാക്കി ഫെബ്രുവരി 10, 11 തീയതികളിൽ നടത്തുവാൻ തീരുമാനിച്ചു. ജനുവരി 31, ഫെബ്രുവരി 1,2,3 എന്നീ തീയതികളിൽ കുടുംബ നവീകരണ ധ്യാനം, കുടുംബദിനം എന്നിവയും, തിരുനാൾ ദിവസം ഇടവകാംഗങ്ങളുടെ മാത്രം കലാസന്ധ്യ, പൊതു സമ്മേളനം എന്നീ പരിപാടികളും നടത്തുവാൻ നിശ്ചയിച്ചു
4. മാസത്തിന്റെ അവസാനത്തെ ഞായറാഴ്ചകളിൽ കുട്ടികൾക്കുള്ള 11 മണിയുടെ വിശുദ്ധ കുർബാന മലയാളത്തിൽ ആയിരിക്കും എന്ന് തീരുമാനിച്ചു.
5. കുട്ടികളുടെ Catechism Retreat വിശദ വിവരങ്ങൾ അംഗങ്ങളെ അറിയിച്ചു.
6. ഇടവക തിരുനാളിന്റെ വിഷയം 'കുട്ടികളും കുടുംബവും' എന്നതാണെന്ന് ബഹു വികാരിയച്ചൻ അംഗങ്ങളെ അറിയിച്ചു.
7. തിരുനാൾ ഫണ്ട് ശേഖരണാർത്ഥം വാർഡുകളിൽ നിന്ന് വിവിധ തുകകൾ സംഭാവനയായി വ്യക്തികളിൽ നിന്ന് സ്വീകരിക്കുവാൻ തീരുമാനിച്ചു.
8. മൃതസംസ്കാരകർമ്മങ്ങളിൽ ഇനി മുതൽ വെള്ളി കുരിശ് മാത്രമെ നല്ലു എന്ന് തീരുമാനിച്ചു.
9. സൗഹാർദ്ദ ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ഇടവകയിലെ എല്ലാ അംഗങ്ങളും ചേരേണ്ടതിന്റെ ആവശ്യകത അറിയിച്ചു.
10. ഫാ. ടോം ഉഴുന്നാലിൽ അച്ചന്റെ സന്ദർശനത്തെക്കുറിച്ച് അറിയിച്ചു.
11. വാർഡുകളിൽ ജപമാല ആഘോഷം ഭംഗിയായി നടത്തുവാൻ ആഹ്വാനം ചെയ്തു. ഇടവകയിലെ ജപമാല സമാപന ദിവസം എല്ലാ അംഗങ്ങളുടെയും സാന്നിദ്ധ്യം അഭ്യർത്ഥിക്കുകയുണ്ടായി.
12. നവംബർ 18-19 തീയതികളിൽ നടക്കുവാനിരിക്കുന്ന യൂത്ത് (മോറിയ മീറ്റ്) റിട്രീറ്റിനെക്കുറിച്ച് അംഗങ്ങളെ അറിയിച്ചു.

# വിശുദ്ധരുടെ ജീവിതം കുഞ്ഞുങ്ങൾക്ക് മാതൃക

**Fr. Shijo Mavarayil**



നവംബർ ഒന്ന്, സകല വിശുദ്ധരുടെയും തിരുന്നാൾ. സഭയിലെ സകല വിശുദ്ധരെയും പ്രത്യേകം ഓർക്കാനും അവരോട് മാധ്യസ്ഥ്യം തേടാനും ഉള്ള ദിനം. ദൈവവചനമനുസരിച്ച് മാതൃകാപരമായി വിശ്വാസ ജീവിതം നയിച്ചവരാണ് വിശുദ്ധർ. നമുക്കു മുമ്പേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിച്ച ക്രിസ്തു സാക്ഷികൾ. ദൈവത്തെ ധ്യാനവിഷയമാക്കുകയും പ്രകീർത്തിക്കുകയും ഭൂമിയിലുള്ള സകലതും ഉപേക്ഷിക്കുകയും ചെയ്തവർ (കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം 2156 - 2683) സകല വിശുദ്ധരെയും ഓർത്ത് പ്രാർത്ഥിക്കുന്ന ഈ സമയം നാം ഓരോരുത്തരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണെന്ന് സഭ നമ്മെ ഓർമ്മപ്പെടുത്തുന്നു. ഹെബ്രായർക്ക് എഴുതപ്പെട്ട ലേഖനം നമ്മെ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു: ''എല്ലാവരോടും സമാധാനത്തിൽ വർത്തിച്ച് വിശുദ്ധിക്കുവേണ്ടി പരിശ്രമിക്കുവിൻ. വിശുദ്ധി കൂടാതെ ആർക്കും കർത്താവിനെ ദർശിക്കാൻ സാധിക്കുകയില്ല'' (ഹെബ്രാ. 12:14).

ഇന്നത്തെ ഈ കാലഘട്ടത്തിൽ മുകളിൽ ഉദ്ധരിച്ച വചനത്തിന് വളരെയേറെ പ്രസക്തിയുണ്ട്. നമ്മുടെ കുഞ്ഞുങ്ങളെ വിശുദ്ധിയിൽ വളർത്താനും വിശുദ്ധരായി വളർത്താനും നമുക്ക് ഓരോരുത്തർക്കും കടമയുണ്ട്. വിശുദ്ധരുടെ ജീവിത മാതൃകകൾ വായിച്ചും, മാതാപിതാക്കളുടെയും മുതിർന്നവരുടെയും വിശുദ്ധ ജീവിതം കണ്ടുമാണ് നമ്മുടെ കുഞ്ഞുങ്ങൾ വളരേണ്ടത്. അപ്പോഴാണ് അവരും വിശുദ്ധരാകൂ.

മനുഷ്യരായ നമുക്ക് വിശുദ്ധിയിൽ വളരാനും ജീവിക്കാനും സാധിക്കുമോ എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് ഇന്ന് സഭ വണങ്ങുന്ന അനേകായിരം വിശുദ്ധർ. നം ജീവിക്കുന്നതെങ്ങനെയോ അത് നാം ആയിത്തീരും. വിശുദ്ധമായ ജീവിതം നയിച്ചവരെല്ലാം വിശുദ്ധിയിൽ ദൈവത്തോട് ചേർന്നിരിക്കുന്നു. വചനം പഠിപ്പിക്കുന്നു, ''വിശുദ്ധമായവ വിശുദ്ധിയോടെ ചെയ്യുന്നവർ വിശുദ്ധരാകും; അവ അഭ്യസിക്കുന്നവർ രക്ഷ കണ്ടെത്തും'' (ജ്ഞാനം 6:10). ഇന്ന് ഭാരത സഭയ്ക്കും കേരള സഭയ്ക്കും അഭിമാനിക്കാം. കാരണം, നമ്മുടെ ഇടയിൽ ജീവിച്ച് മരിച്ച കൽക്കത്തയിലെ വി. തെരേസ, വി. അൽഫോൻസാമ്മ, വി. ചാവറ പിതാവ്, വി. എവുപ്രാസ്യ തുടങ്ങിയവർ നമ്മുടെ സ്വന്തം വിശുദ്ധരാണ്. ഇവരെപോലെ ജീവിതമാതൃകയും, അനുസരണവും, വിധേയത്വവും നമ്മുടെ കുഞ്ഞുങ്ങളും കണ്ട് പഠിക്കുമ്പോഴേ അവർക്കും വിശുദ്ധി സ്വന്തമാക്കണമെന്ന് തോന്നൂ.

ഭൗതികമായ അറിവും കാര്യപ്രാപ്തിയും നമ്മുടെ കുഞ്ഞുങ്ങൾ നേടുവാൻ വേണ്ടി ഒത്തിരിയേറെ കഷ്ടപ്പെടുന്നവരാണ് ഇന്നത്തെ മാതാപിതാക്കൾ. ഇത്രമാത്രം കഷ്ടപ്പെട്ട് മക്കളുടെ ഭൗതിക അഭിവൃദ്ധി കാംക്ഷിക്കുന്ന മാതാപിതാക്കൾ തങ്ങളോട് തന്നെ ഒന്ന് ചോദിക്കുക: എന്റെ മകൻ / മകൾ വിശുദ്ധനായി / വിശുദ്ധയായി തീരണം എന്ന് ഞാൻ എന്നെങ്കിലും ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്തിട്ടുണ്ടോ?

വിശുദ്ധമായ കുടുംബങ്ങളിൽ നിന്നാണ് വിശുദ്ധർ രൂപം കൊള്ളുന്നത്. ഇന്ന് നമ്മുടെ കുഞ്ഞുങ്ങൾക്ക് ലഭിക്കാതെ പോകുന്നത് അതു തന്നെയാണ്. നമ്മുടെ മക്കൾ ഇന്ന് തെറ്റായ വഴിയിലൂടെ പോകുന്നു എന്ന് പരാതിപ്പെടുമ്പോൾ ഒന്ന് ചിന്തിക്കുക, വിശുദ്ധിയുടെ നല്ല മാതൃക പകർന്ന് നൽകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ, നമ്മുടെ മക്കൾക്ക് വേണ്ടി ദൈവസന്നിധിയിൽ ഒന്ന് കരം ഉയർത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ എന്നെല്ലാം. തഗാസ്തയിൽ ജനിച്ച് ലോകത്തിന്റെ വഴികൾ ആവോളം ആസ്വദിച്ച അഗസ്റ്റിൻ ഇന്ന് ഒരു വലിയ വിശുദ്ധനായി സഭയിൽ വണങ്ങപ്പെടുന്നുണ്ടെങ്കിൽ അതിനു പുറകിൽ ഉയർന്ന പ്രാർത്ഥനയുടെ കരങ്ങൾ നമ്മൾ മറക്കരുത്. വർഷങ്ങളോളം തന്റെ മകന്റെ മാനസാന്തരത്തിനുവേണ്ടി കണ്ണീരൊഴുക്കി പ്രാർത്ഥിച്ച വി. മോനിക്കയെ.

കണ്ണീരൊഴുക്കിയുള്ള പ്രാർത്ഥന അപരനെ വിശുദ്ധിയിലേക്ക് നയിക്കും എന്ന് വി. മോനിക്കയുടെ ജീവിതം സാക്ഷ്യപ്പെടുത്തുമ്പോൾ, എത്രമാത്രം അധഃപതിച്ച ഒരു പാപിക്കും വിശുദ്ധനായി തീരാൻ സാധിക്കും എന്ന് വി. അഗസ്റ്റിന്റെ ജീവിതവും നമ്മെ പഠിപ്പിക്കുന്നു.

മാമ്മോദീസയുടെ അവസരത്തിൽ നമുക്കെല്ലാവർക്കും ഒരോ വിശുദ്ധന്റെ / വിശുദ്ധയുടെ പേര് നൽകപ്പെട്ടിട്ടുണ്ട്. ആ വിശുദ്ധന്റെ / വിശുദ്ധയുടെ ജീവിത മാതൃക നമുക്ക് പ്രചോദനമാകണം. ഈ വിശുദ്ധനെ / വിശുദ്ധയെക്കുറിച്ച് നാം മനസ്സിലാക്കണം. അവർ വിശുദ്ധി സ്വന്തമാക്കിയത് എങ്ങനെ എന്ന് നമ്മൾ തിരിച്ചറിയണം. മക്കൾക്ക് അവരുടെ വിശുദ്ധരെക്കുറിച്ച് മനസ്സിലാക്കാൻ അവരുടെ ജീവചരിത്രം വായിക്കാനുള്ള അവസരം ഉണ്ടാക്കണം.

വിശുദ്ധരുടെ മദ്ധ്യസ്ഥപ്രാർത്ഥന ദൈവിക പദ്ധതിക്കുവേണ്ടി അവർ നൽകുന്ന ഏറ്റവും ഉദാത്തമായ സേവനമാണ്. നമുക്കും ലോകം മുഴുവനും വേണ്ടി മാധ്യസ്ഥ്യം വഹിക്കാൻ നമുക്ക് അവരോട് അഭ്യർത്ഥിക്കാൻ സാധിക്കും, അഭ്യർത്ഥിക്കണം (കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം 2683). ദൈവവചനത്തിൽ ആശ്രയിച്ച് വിശുദ്ധമായ ജീവിതം നയിച്ച് സ്വർഗ്ഗീയ വിശുദ്ധി പ്രാപിക്കാൻ സകല വിശുദ്ധരുടെയും മാധ്യസ്ഥ്യം നമുക്ക് തേടാം. കർത്താവിന്റെ വിശുദ്ധിയുടെ ഒരംശമെങ്കിലും സ്വന്തമാക്കാനുള്ള കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം, പരിശ്രമിക്കാം.

# ഇന്നു മുതൽ മരണം വരെ...

**നമ്മുടെ ഇടവകാംഗമായ സി.ജെ ആന്റണിയുമായുള്ള അഭിമുഖത്തിൽ നിന്ന്...**



**''ഇന്നുമുതൽ മരണം വരെ സന്തോഷത്തിലും ദു:ഖത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും, ആരോഗ്യത്തിലും അനാരോഗ്യത്തിലും പരസ്പരസ്നേഹത്തോടും വിശ്വസ്തതയോടും കൂടി ഏകമനസ്സോടെ ജീവിച്ചുകൊള്ളാമെന്ന് വിശുദ്ധ സുവിശേഷം സാക്ഷിയാക്കി ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു''. വിശുദ്ധ ഗ്രന്ഥത്തിൽ വലതുകരങ്ങൾ ചേർത്തു വച്ച് ഏറ്റുപറഞ്ഞ വാക്കുകൾ അനേകം ദമ്പതികൾക്ക് പ്രതിസന്ധികളെ നേരിടുവാനും വിശ്വാസത്തിൽ നിലനിൽക്കുവാനും, ഒരു വലിയ ബലവും പ്രചോദനവും പകരുന്നുണ്ട്. എല്ലാം വിചാരിച്ചപോലെ നടക്കുമ്പോൾ നല്ലവരായിരിക്കുക വളരെ എളുപ്പമാണ്. നല്ലവരായ അനേകം ദമ്പതികൾ മാതൃകാപരമായ ജീവിതം നയിക്കുന്ന നമ്മുടെ ഇടവകയിൽ, ഒഴുക്കിനെതിരെ നീന്തുമ്പോഴും ജീവിത പങ്കാളിയുടെ കരം ചേർത്തു പിടിച്ച് പ്രതീക്ഷയുടെ തീരത്തേയ്ക്ക് വിശ്വാസപൂർവ്വം നീന്തുന്ന അദ്ഭുതകരങ്ങളായ ദാമ്പത്യങ്ങളും നമ്മുടെ ഇടവകയിലുണ്ട്. വലിയ ഒച്ചപ്പാടുകളൊന്നുമില്ലാതെ അന്യരുടെ ആവശ്യങ്ങളിൽ ആത്മാർത്ഥതയോടെ ഓടിയെത്തുകയും, എല്ലാറ്റിലും, എല്ലാവരിലും നന്മയുടെ വശം കണ്ടെത്തുകയും ചെയ്യുന്ന ചിറകുഴിയിൽ സി.ജെ. ആന്റണി ചേട്ടന്റെയും മേരിച്ചേച്ചിയുടെയും വെല്ലുവിളിനിറഞ്ഞ ജീവിത മാതൃകയെ ഒന്നു പരിചയപ്പെടുത്തുകയാണ് ഈ അഭിമുഖത്തിന്റെ ഉദ്ദേശം**

**ബ്ര. ജീതു പെരുമ്പള്ളിക്കുന്നേൽ സി. എം.ഐ.**



വാർഡിലും ഇടവകയിലും പലരും അദ്ഭുതത്തോടെ ചൂണ്ടിക്കാണിക്കുകയും ചിലരെങ്കിലും അസൂയയോടേ നോക്കുകയും ചെയ്യുന്ന ദാമ്പത്യജീവിതത്തിന്റെ ആരംഭം:

1988 മെയ് 2-ാം തിയതി വൈക്കത്തു വച്ച് കല്യാണം നടന്നു. ആന്റണിച്ചേട്ടൻ ആദ്യമായിക്കണ്ട പെണ്ണിനെത്തന്നെ ജീവിതസഖിയാക്കാൻ ഉറപ്പിച്ചപ്പോൾ തന്റെ ഭാവി വധുവിനോട് ഒന്നുമാത്രമാണ് ആവശ്യപ്പെട്ടത്: ''സ്ഥിരമായ ശമ്പളമോ, വലിയ സാമ്പത്തിക ഭദ്രതയോ ഇല്ലാത്ത എന്റെ ജീവിതത്തോട്, ജീവിത പ്രശ്നങ്ങളോട് ചേർന്നു പോകാൻ കഴിയുമെങ്കിൽമാത്രമേ വിവാഹത്തിനു സമ്മതിക്കാവു.'' കല്യാണം കഴിഞ്ഞ ഉടനെതന്നെ ബാംഗ്ലൂരിലേയ്ക്ക് പറിച്ചു നടപ്പെട്ട ജീവിതത്തിൽ ആദ്യകാലങ്ങളിൽ സാമ്പത്തികമായും തൊഴിൽപരമായും വളരെയധികം ബുദ്ധിമുട്ടിയിട്ടുണ്ട്. ആവശ്യമില്ലാത്ത കാര്യങ്ങൾക്കുവേണ്ടി വാശിപിടിക്കാതെ, ആദ്യകാല ബുദ്ധിമുട്ടുകളിൽ കൂടെ നിൽക്കുകയും ഉള്ളതുകൊണ്ട് പരാതികളില്ലാതെ ജീവിതത്തെ മുന്നോട്ടു കൊണ്ടുപോകുവാൻ കുഞ്ഞമ്മ (ആന്റണിച്ചേട്ടൻ ഇപ്പോഴും മേരിച്ചേച്ചിയെ സ്നേഹത്തോടെ വിളിക്കുന്ന പേരാണ്) കാണിച്ച ധൈര്യം അതായിരുന്നു ഇവരുടെ കുടുംബജീവിതത്തിന്റെ മൂലധനം.

## സന്തോഷത്തിനു സാക്ഷികളായി സന്താനങ്ങൾ

കല്യാണം കഴിഞ്ഞ അടുത്ത വർഷം 1989-ൽ ആദ്യ പുത്രൻ മാക്സൺ ജനിക്കുമ്പോൾ ജീവിതം പച്ചപിടിക്കാൻ തുടങ്ങിയിരുന്നില്ല. ബുദ്ധിമുട്ടുകളിലൂടെ ഒന്നിച്ച് യാത്രചെയ്ത ആന്റണിച്ചേട്ടന്റെയും മേരിച്ചേച്ചിയുടെയും ജീവിതത്തിന് ഒരു പുതിയ ദിശാബോധം നൽകിക്കൊണ്ടായിരുന്നു മാക്സൺ കടന്നുവന്നത്. അടുത്ത മകൻ മെൽവിൻ 1995-ൽ ജനിക്കുമ്പോൾ ആദ്യകാലാരിഷ്ടതകൾ പിന്നീട് ജീവിതം പച്ചപിടിക്കാൻ തുടങ്ങുന്നതിന്റെ സൂചനകളുണ്ടായിരുന്നു. അത്യാവശ്യം ഇലക്ട്രിക്കൽ ജോലികളുടെ കോൺട്രാക്ട് കിട്ടിത്തുടങ്ങി. ഇന്ന് മാക്സൺ ആന്റണിച്ചേട്ടനെ ജോലികളിൽ സഹായിക്കുന്നു. മെൽവിൻ മെക്കാനിക്കൽ എഞ്ചിനിയറിങ് കഴിഞ്ഞ് ജോലിക്കായി ഒരുങ്ങുന്നു. കരുത്തരായ മക്കൾ അമ്മയ്ക്ക് തുണയായും പിതാവി

ന് ആശ്വാസമായും കൂടെയുണ്ട് എന്നതിൽ ആന്റണിച്ചേട്ടൻ ദൈവത്തോടു നന്ദി പറയുന്നു.

### അനുവാദം ചോദിക്കാതെ കടന്നുവന്ന അപകടം:

കുഞ്ഞമ്മയുടെ ഗർഭാശയത്തിൽ അപകടകരമായേക്കാവുന്ന ഒരു മുഴയുണ്ടെന്നും, ഗർഭാശയം നീക്കം ചെയ്യണമെന്നും, ഒരു സാധാരണ ഓപ്പറേഷനിലൂടെ അത് ഡോക്ടറിന്റെ മേൽനോട്ടത്തിൽ 2010 ജനുവരി 29ന് ഓപ്പറേഷൻ നടന്നു. ഓപ്പറേഷന് ഒരുങ്ങി കിടന്നിരുന്ന കുഞ്ഞമ്മയോട് ഡോക്ടർ പറഞ്ഞത്. ''ഓപ്പറേഷനെത്തിയപ്പോഴും മേരിയുടെ മുഖത്ത് സന്തോഷം നിറഞ്ഞുനിൽക്കുകയാണല്ലോ എന്നാണ്. ഓപ്പറേഷന് ശേഷം കുഞ്ഞമ്മയെ വാർഡിലെത്തിച്ചു. ചെറിയ വേദന തുടങ്ങിയപ്പോൾ നഴ്സിനെ വിളിച്ചു. വന്ന നഴ്സ് ഒരു വേദന സംഹാരി കുത്തിവച്ച് എട്ട് മണിക്കൂർ ഇനി പ്രശ്നങ്ങളുണ്ടാവുകയില്ല എന്നും പറഞ്ഞു.

രാവിലെ മുതൽ ഓപ്പറേഷൻ റൂമിന് മുന്നിൽ കാത്തു നിന്നിരുന്ന ആന്റണിച്ചേട്ടൻ കൊണ്ടുവന്ന ഭക്ഷണം കഴിച്ച് കൈവിരലുകളിൽ തങ്ങിനിന്നിരുന്ന മസാലയുടെ മണം മേരിച്ചേച്ചിയെ അറിയിക്കാനായി അടുത്തുചെന്നു, മിടുക്കിയും, മാലാഖയെപ്പോലെ മനോഹരിയുമായിരുന്ന മേരിച്ചേച്ചിയുടെ ശരീരം മുഴുവൻ വിഷംബാധിച്ച പോലെ കറുത്തു വരുന്നത് കണ്ട് പേടിച്ച് ഡോക്ടറിനെ വിളിച്ചു. പെട്ടെന്ന് തന്നെ മേരിച്ചേച്ചിയെ തീവ്രപരിചരണ വിഭാഗത്തിലേയ്ക്കു മാറ്റുകയും ചെയ്തു. അന്ന് വെള്ളിയാഴ്ചയായിരുന്നു. ഞായറാഴ്ച ഉച്ചയായപ്പോൾ 90% മരണത്തിന്റെ പിടിയിലായിപ്പോയിരുന്ന മേരിച്ചേച്ചിക്ക് ജീവൻമാത്രം തിരികെ കിട്ടി.

ഓടി നടന്ന് കാര്യങ്ങൾ നടത്തിയിരുന്ന എല്ലാ വെല്ലുവിളികളെയും നേരിടുവാൻ ആന്റണി ചേട്ടന് ശക്തി പകർന്നിരുന്ന മക്കളെ നേരിന്റെ വഴിയിലൂടെ നടക്കുവാൻ പരിശീലിപ്പിച്ച, മേരിച്ചേച്ചി അന്നുമുതൽ ഇന്നുവരെ നമ്മുടെ ഇടവകയിലുണ്ട്. ഒരക്ഷരം സംസാരിക്കാതെ, ശരീരം മുഴുവനും തളർന്ന്, യാതൊരു വികാരങ്ങളും പ്രകടിപ്പിക്കാതെ, പ്രകാശം പരത്തുന്ന മാലാഖയായി ആന്റണി ചേട്ടനും മക്കൾക്കുമൊപ്പം.

### ആരോഗ്യത്തിലും അനാരോഗ്യത്തിലും

ഹൃദയത്തിൽ തിങ്ങിനിറഞ്ഞ സ്നേഹം ആന്റണിച്ചേട്ടന്റെ കണ്ണുകളിൽ നിന്ന് ഒഴുകിയിറങ്ങാൻ വെമ്പൽകൊള്ളുമ്പോൾ, അദ്ദേഹത്തിന്റെ മുമ്പിലിരുന്ന എന്റെ ഹൃദയത്തെ ഞാനെടുത്ത മൂന്നു വൃതങ്ങളും പൊള്ളിക്കുന്നുണ്ടായിരുന്നു.

7-ാം വയസ്സിൽ അമ്മ മരിക്കുകയും, അപ്പൻ പലവിധ അസുഖങ്ങൾകൊണ്ട് ബുദ്ധിമുട്ടുകയും, ഒരേയൊരു പെങ്ങളെ കെട്ടിച്ചയയ്ക്കുകയും ചെയ്തതിനുശേഷം സന്തോഷത്തിന്റെ പറുദീസ പണിതുയർത്താൻ പരിശ്രമിക്കുന്നിടയിൽ എല്ലാ പദ്ധതികളും തകിടം മറിച്ച് കടന്നുവന്ന ദൈവീക പദ്ധതിയെ പൂർണ്ണവിശ്വാസത്തോടെ ഏറ്റുവാങ്ങിയ ആന്റണിച്ചേട്ടൻ എനിക്കു അദ്ഭുതമാണ്.

ആന്റണിച്ചേട്ടൻപറയുന്നു. '' ദൈവപരിപാലന ഞാനിപ്പോഴാണ് ശരിക്ക് മനസ്സിലാക്കുന്നത്. താങ്ങാവുന്നതിലും, പറയാവുന്നതിലുമപ്പുറമുള്ള വിഷമങ്ങൾക്കിടയിലും തകരാതെ കാക്കുന്നത് ദൈവത്തിന്റെ സ്നേഹമാണ്. എനിക്കു കാണുവാനും, സംസാരിക്കുവാനുമായി അവളുടെ ജീവനെങ്കിലും ദൈവം തിരിച്ചു തന്നല്ലോ. വേറാരേയും ആശ്രയിക്കാനാവാത്ത അവസരങ്ങളിൽ ദൈവം നടത്തിക്കോളും എന്ന ഉറച്ച വിശ്വാസം എനിക്കു നേടാനായത് കുഞ്ഞമ്മ കിടപ്പിലായപ്പോഴാണ്. പ്രശ്നങ്ങളുണ്ട് ധാരാളം കടങ്ങളുണ്ട്. പക്ഷെ അദ്ഭുതം പോലെ ജീവിതം മുന്നോട്ടുപോകുന്നു. ആവശ്യനേരങ്ങളിൽ പലരും ജോലി തന്ന് ദൈവദൂതനെപ്പോലെ കടന്നു വരുന്നു.''

''കിടപ്പിലായി ആദ്യകാലങ്ങളിൽ കുളിപ്പിക്കാനും വൃത്തിയാക്കുവാനും ശരിക്കറിയില്ലാത്തതിനാൽ ഞാൻ ശരിക്കും കരഞ്ഞുപോയിട്ടുണ്ട്. ഇപ്പോൾ കുഞ്ഞമ്മയ്ക്കു വേണ്ട എല്ലാ കാര്യങ്ങളും ചെയ്യുവാൻ എനിക്കാവുന്നുണ്ട്. ഇതിനിടയ്ക്ക് എന്റെ ജീവിതത്തിലും അനേകം മാറ്റങ്ങളുണ്ടായി ഇവളോടൊപ്പമായിരിക്കുവാൻ ചില ആഘോഷങ്ങളും വിനോദങ്ങളും വേണ്ടെന്നുവച്ചു. ആഴ്ചയിലൊരിക്കലുണ്ടായിരുന്ന മദ്യപാനവും വല്ലപ്പോഴുമുണ്ടായിരുന്ന പുകവലിയും പാടേ ഉപേക്ഷിച്ചു. ഇന്ന് എനിക്ക് ഒരേയൊരു പ്രാർത്ഥനയേയുള്ളൂ. ഇവൾക്കുശേഷമേ ദൈവം എന്നെ വിളിക്കാവൂ. എന്റെ കുഞ്ഞമ്മ ഒരിക്കലും നരകിക്കാൻ ഇടവരരുത്.''

എല്ലാദിവസവും ജോലികഴിഞ്ഞെത്തുന്ന ആന്റണിച്ചേട്ടൻ, മേരിചേച്ചിയുടെ അടുത്തിരുന്ന് അന്നത്തെ കാര്യങ്ങളെല്ലാം പറയും, വിശേഷങ്ങൾ തിരക്കും. നേരിട്ട് പ്രത്യക്ഷനാകാത്ത ദൈവത്തെ മേരിചേച്ചിയുടെ തുറന്ന കണ്ണുകളിലും ചലിക്കാത്ത ശരീരത്തിലും അദ്ദേഹം കണ്ടെത്തുന്നു. മേരിചേച്ചിയുടെ നെറ്റിയിലെ ചുളിവുകളിൽ വേദനയുടെ വാർത്ത വായിച്ചെടുത്ത ആന്റണിച്ചേട്ടൻ ''മോളേ, എന്തുപറ്റി? എന്ന് ചോദിച്ചപ്പോൾ തെളിഞ്ഞ കണ്ണുകൾകൊണ്ട് അദ്ദേഹത്തോട് എന്തോ പറയാൻ പരിശ്രമിക്കുന്ന മാലാഖയുടെ മുഖമുള്ള മേരിചേച്ചിയെ തന്റെ കണ്ണുകളിൽ നിന്ന് മറച്ചത് കണ്ണുകളെ ചൂടുപിടിപ്പിച്ച കണ്ണുനീരായിരുന്നു. പ്രാർത്ഥിക്കാം എന്നു പറയാനല്ലാതെ ഒന്നിനുമാകാതെ ആ സ്നേഹനൊമ്പരങ്ങൾക്ക് ഞാൻ സാക്ഷിയായി നിന്നു

# PRAY FOR THE UNKNOWN



TREESA TONY

Each time you pray your list probably goes like this… 'Oh God, ...please take care of my husband…my children…give good health to my parents, bless my brother and sister abundantly….my relatives….and so goes the big list….my…my...and so on.

Most of us in Bangalore, don't even know who stays next door. I feel this situation is an apt opportunity for us in this city to pray for the people unknown to us. This inspiration is drawn from St. Mother Theresa of Kolkota whose entire life was spent for the people unknown to her.

We don't have to go that far. If we can take some time off WhatsApp, Facebook, and other social media to which we are glued (as though it is our oxygen mask!!)….and look outside into the streets....from the windows of our vehicles as we join the rat race in the morning. Sometimes, we come across beggars who may be handicapped, elderly people, eunuchs and also children trained to sell toys, pens etc at the traffic signal. We try hard to avoid eye contact with them. There ends the matter. Even the noise of the speeding ambulance has become a daily routine for us.

If you could just recite one Hail Mary in your mind as an ambulance passes by, for the patient suffering inside…or the unknown people we pass by everyday, you will start feeling the difference. Even if you don't want to give money give a smile. There is no greater icebreaker than a smile. Trust me, you will feel hesitant initially …'why am I doing this?'.....but as you go on with this habit, it will become a apart of you.

Each day morning we are filled with negativity as soon as we start reading the newspaper. The other day, I was reading the newspaper when I read that a three year old boy named Lakshay had injured his finger in school, underwent an operation and fell into a vegetative state. This piece of news kept coming to mind whenever I prayed. Slowly, I started praying for this little boy not knowing who he is. The only thing on my mind was that may God give his parents the strength to deal with this incident. I kept track of this news and one day to my surprise I got to read that the boy is gradually getting back to normal. This was a moment of great joy for me.

If you are a keen investor in the stock market how cleverly you will diversify your portfolio to be safe during extreme market risks???! Likewise, as a true Christian if you really want to hold the hand of Jesus on the day you are eternally risen from death, remember to diversify your prayers for as many people you can. For it is easy to love the people you know rather than the people who are strangers to you. And God will not ask you "what did you do for yourself?" but, " what did you do for others?"

Don't wait for the magic to happen from God above. Each time you pray for others, God is showering his abundant grace upon you. Take few seconds out of your busy schedule to feel the love of God!





**Roshni Romi**
St. Joseph Ward
Mob.: 9845037002

'Thy word is a lamp unto my feet and a light unto my path' (Ps. 119:105).

**Hearty congratulations** to Roshni Romi who transcribed the entire Holy Bible in English. May the Word light her path always.

# തിരുവചനത്തണലിൽ



സീന തോമസ്

ദൈവവചനം വായിക്കുകയും പഠിക്കുകയും ചെയ്യേണ്ടത് ഇന്ന് വളരെ അത്യാവശ്യമാണ്. മോശയ്ക്ക് ശേഷം ഇസ്രായേൽ ജനത്തെ നയിക്കാൻ ദൈവം തെരഞ്ഞെടുത്ത ജോഷ്വായോട് അവിടുന്ന് അരുളിച്ചെയ്യു. 'ന്യായപ്രമാണഗ്രന്ഥം എപ്പോഴും നിന്റെ അധരത്തിലുണ്ടായിരിക്കണം. അതിൽ എഴുതിയിരിക്കുന്നതെല്ലാം പാലിക്കാൻ നീ ശ്രദ്ധിക്കണം അപ്പോൾ നീ അഭിവൃദ്ധി പ്രാപിക്കുകയും വിജയം വരിക്കുകയും ചെയ്യും'' (ജോഷ്വാ 1:8). ദൈവമക്കളായ നമ്മുടെയും ജീവിതവിജയത്തിനുവേണ്ടി സ്വീകരിക്കേണ്ട വഴി ഇതുതന്നെയാണ്. നിയമാവർത്തന പുസ്തകം 28-ാം അദ്ധ്യായം വചനത്തെ അനുസരിക്കുന്നവർക്ക് ദൈവം നൽകുന്ന നിരവധിയായ അനുഗ്രഹങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. ''അവിടുത്തെ വചനം ശ്രവിച്ചാൽ അവിടുന്ന് ഈ അനുഗ്രഹങ്ങളെല്ലാം നിന്റെമേൽ ചൊരിയും. നഗരത്തിലും വയലിലും നീ അനുഗ്രഹീതനായിരിക്കും. നിന്റെ സന്തതികളും വിളവുകളും മൃഗങ്ങളും കന്നുകാലിക്കൂട്ടവും ആട്ടിൻപറ്റവും അനുഗ്രഹിക്കപ്പെടും. നിന്റെ അപ്പക്കുട്ടയും മാവുകുഴക്കുന്ന കലവും അനുഗ്രഹിക്കപ്പെടും. സകല പ്രവൃത്തികളിലും നീ അനുഗ്രഹീതമായിരിക്കും.'' (നിയമ. 28:2-6).

നമുക്കെല്ലാവർക്കും തോന്നുന്ന ഒരു സംശയമാണ് വചനം വായിച്ചാൽ മാത്രം പോരേ, മനഃപാഠമാക്കേണ്ട ആവശ്യമുണ്ടോ എന്ന്. എന്നാൽ വചനം വായിക്കുക മാത്രമല്ല ആവർത്തിച്ചുരുവിട്ട് ഹൃദിസ്ഥമാക്കേണ്ടതിന്റെ ആവശ്യകത യേശുവിന്റെ ജീവിതം തന്നെ സാക്ഷ്യപ്പെടുത്തുന്നു. മരുഭൂമിയിൽ തന്നെ പരീക്ഷിച്ച പിശാചിനെ വചനംകൊണ്ട് നേരിടുന്ന യേശുവിനെ മത്തായി. 4:1-11ൽ കാണുന്നു. നിയമാവർത്തനം 8:3, 6:16, 6:13 എന്നീ വചനങ്ങളാണ് യേശു സാത്താന് നേരെ ആയുധമാക്കിയത്. നാം വചനങ്ങളെല്ലാം ഹൃദിസ്ഥമാക്കിയിട്ടുണ്ടെങ്കിൽ തക്കസമയത്ത് പരിശുദ്ധാത്മാവ് അവ നമ്മെ ഓർമ്മിപ്പിച്ചു തരും. വചനം നമ്മിലുണ്ടെങ്കിൽ പിശാചിന് നമ്മെ കീഴ്പ്പെടുത്താൻ സാധിക്കുകയില്ല. യേശു വചനം ഉരുവിട്ടപ്പോൾ എന്താണ് സംഭവിച്ചതെന്ന് ഇപ്രകാരം നാം കാണുന്നു. ''അപ്പോൾ പിശാച് അവനെ വിട്ടുപോയി. ദൈവദൂതന്മാർ അടുത്തുവന്ന് അവനെ ശുശ്രൂഷിച്ചു''. മത്താ. 4:11)

ദൈവവചനം പാലിക്കുന്നവനെ അവിടുന്ന് ദീർഘായുസ്സു നൽകി അനുഗ്രഹിക്കുന്നു. ''നിന്റെ ഹൃദയം എന്റെ കൽപ്പനകൾ പാലിക്കട്ടെ. അവ നിനക്കു ദീർഘായുസ്സും സമൃദ്ധമായി ഐശ്വര്യവും നൽകും.'' സുഭാ. 31:2. വചനത്തിൽ ജീവിക്കുന്നവർക്ക് ദൈവം നൽകുന്ന അനുഗ്രഹങ്ങളുടെ ഒരു ദീർഘമായ വിവരണം 119-ാം സങ്കീർത്തനം നമുക്കു തരുന്നു. വചനം പഠിക്കുവാൻ നമുക്കു അൽപ്പം സമയം കണ്ടെത്താം. ഒരു ദിവസം നമുക്കു ലഭിക്കുന്നത് 1440 മിനിട്ടുകളാണ്. അതിൽ ഒരു 30 മിനിട്ട് വചനം പഠിക്കാൻ മാറ്റിവയ്ക്കാം. പഠിക്കുന്ന വചനങ്ങൾ ഒരു നോട്ടു ബുക്കിൽ കുറിച്ച് വച്ചാൽ ഇടയ്ക്കിടയ്ക്ക് നോക്കുവാൻ എളുപ്പമാകും. ഭൗദ്ധീകമായ ഒരുപാട് അറിവുകൾ ഹൃദിസ്ഥമാക്കുന്ന നമുക്ക് ഒരു സമയം ഒരു ബൈബിൾ വാക്യം എന്നത് ഒരു ഭാരിച്ച ജോലിയല്ല. സാത്താനെ ആക്രമിക്കുവാനുള്ള ശക്തമായ ആയുധം വചനം ആയതിനാൽ വചനം വായിക്കുവാനും പഠിക്കുവാനുമുള്ള ശ്രമങ്ങൾ സാത്താൻ തടസ്സപ്പെടുത്തും. മടി, വിരസത, ക്ഷീണം തുടങ്ങിയ ഒരുപാട് തടസ്സങ്ങൾ. ഈ പരീക്ഷണങ്ങളെയെല്ലാം വചനംകൊണ്ട് നമുക്ക് നേരിടാം. പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ എഴുതപ്പെട്ട വചനം മനസ്സിലാക്കുവാൻ അവിടുത്തെ സഹായം നമുക്കു ചോദിക്കാം (യോഹ. 16:13)



ചെറുപുഷ്പ മിഷൻ ലീഗ് ദേശീയ സമിതി ഏർപ്പെടുത്തിയ ഏറ്റവും മികച്ച ജീവകാരുണ്യ പ്രവർത്തകനുള്ള പുരസ്കാരത്തിന് അർഹനായ നമ്മുടെ ഇടവകാംഗം ഫിലിപ്പ് മാത്യുവിന് അഭിനന്ദനങ്ങൾ!

# ജപമാല ഭക്തി

ആലീസ് തോമസ്



ക്രിസ്തു കേന്ദ്രീകൃതമായ ധ്യാനാത്മക പ്രാർത്ഥനയാണ് ജപമാല. ആഴമായ അഭയ ബോധത്തോടെ നൂറ്റാണ്ടുകളായി മരിയഭക്തർ അമ്മയെ വിളിച്ച് ആവർത്തിച്ച് ചൊല്ലുന്ന ജപമാണ് നന്മ നിറഞ്ഞ മറിയമേ എന്ന് തുടങ്ങുന്ന ഹൃദ്യമായ പ്രാർത്ഥന. പരിശുദ്ധ അമ്മയെ ദൈവദൂതൻ, സ്വർഗ്ഗം സംബോധനചെയ്ത വാക്കുകൾ തന്നെ ഉപയോഗിച്ചിട്ടുള്ള പ്രാർത്ഥനയാണിത്. ദൈവവചനം തന്നെ പ്രാർത്ഥനയായി നാം ഇവിടെ ഉപയോഗിക്കുന്നു. ക്രിസ്തീയ സംസ്കാരത്തിന്റെ ഹൃദയത്തിലേക്ക് ഈ പ്രാർത്ഥന നമ്മെ എത്തിക്കും.പരിശുദ്ധ പിതാവ് പരിശുദ്ധ കന്യകാ മറിയത്തിന്റെ ജപമാല എന്ന ശ്ലൈഹിക ലേഖനത്തിൽ ജപമാലയുടെ ധ്യാനാത്മക ഭാവത്തെപറ്റി പറയുന്നു. മറിയത്തിന്റെ സ്വന്തം അനുഭവങ്ങളിൽ നിന്നും ഉത്ഭവിക്കുന്നതുകൊണ്ടു തന്നെ ജപമാല ആദ്യവസാനം വരെ ധ്യാനാത്മപ്രാർത്ഥനയാണെന്ന് പോൾ ആറാമൻ മാർപാപ്പ പറയുന്നു. ധ്യാനമില്ലാത്ത ജപമാല ആത്മാവില്ലാത്ത ശരീരമാണ്.

പരിശുദ്ധ അമ്മ അകവും പുറവും, ആത്മാവും ശരീരവും വിശുദ്ധിയിൽ സൂക്ഷിച്ചു. അതാണ് അമ്മയിൽ നാം കാണുന്ന കൃപയുടെ നിറവ്. നന്മയുടെ നിറവ് ആത്മീയ സൗന്ദര്യം കൊണ്ട് നമ്മെ പൊതിയുവാൻ പരിശുദ്ധ അമ്മ ആഗ്രഹിക്കുന്നു. ജീവിതം വെല്ലുവിളികളും അസ്വസ്ഥതകളും നിറഞ്ഞതാണ്. ദൈവകൃപയാണ് പ്രകാശത്തിന്റെ ആയുധങ്ങളായ സത്യം, നീതി, സമാധാനം, വിശ്വാസം, ദൈവവചനം, പ്രാർത്ഥന എന്നിവ ധരിക്കുവാൻ ഒരാളെ പ്രാപ്തനാക്കുന്നത്. പരിശുദ്ധ അമ്മ ദൈവത്തിന്റെ ആയുധങ്ങളായ വിശ്വാസവും, പ്രാർത്ഥനയും സ്നേഹവും, വിധേയത്വവും നിറഞ്ഞ വ്യക്തിയായിരുന്നു. ഇതാണ് നന്മ നിറഞ്ഞവളെ എന്ന് അമ്മയെ നാം വിളിക്കുന്നതിനുള്ള കാരണവും. ജപമാല ചൊല്ലുന്നവർക്ക് പ്രത്യേക സംരക്ഷണവും കരുതലും അവിടുന്ന് നല്കുന്നു. ഏതാനും നിമിഷങ്ങളിൽ മാത്രം ഒതുങ്ങിനില്കുന്ന പ്രാർത്ഥനകളുടെ ഒരു ശ്രേണി മാത്രമായിട്ടല്ല ജപമാല ഭക്തിയെ കാണേണ്ടതും അഭ്യസിക്കേണ്ടതും. അതൊരു തനിമയാർന്ന ചൈതന്യവത്തായ ക്രൈസ്തവ ജീവിത ശൈലിയാക്കി മാറ്റിയെടുക്കേണ്ടിയിരിക്കുന്നു. കുടുംബങ്ങളും, സമൂഹങ്ങളും ജപമാലവഴി ലോകത്തിന്റെയും സമൂഹത്തിന്റെയും വിവിധങ്ങളായ ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുന്ന ഒരു ശൈലിയും പരിപോഷിപ്പിക്കേണ്ടിയിരിക്കുന്നു.എ.ഡി. 1214 ൽ ആണ് പരിശുദ്ധ അമ്മ വിശുദ്ധ ഡൊമിനിക്ക് വഴി ജപമാല സഭയിലേക്ക് അനുഗ്രഹിച്ച് നല്കുന്നത്. അന്നു മുതൽ ഇന്നുവരെ സഭയിലുണ്ടായിട്ടുള്ള പ്രതിസന്ധികളെയും, ബുദ്ധിമുട്ടുകളെയും തരണം ചെയ്യുന്നതിനുള്ള ഒരായുധമായി തന്നെ ജപമാല ഉപകരിച്ചിട്ടുണ്ട്. യുദ്ധങ്ങളും യുദ്ധക്കെടുതികളും അസ്വസ്ഥതകളും അസമാധാനവും എപ്പോഴെല്ലാം മനുഷ്യ സമൂഹത്തിന് ഭീഷണിയായി തീർന്നിട്ടുണ്ടോ അപ്പോഴെല്ലാം അമ്മ സ്വയം പ്രത്യക്ഷപ്പെട്ട് നൽകിയിട്ടുള്ള സന്ദേശവും ഉപദേശവും കൊന്ത ജപിക്കുക എന്നുള്ളതായിരുന്നു. ഫാത്തിമയും, ലൂർദ്ദും പ്രാർത്ഥനയുടെ പ്രകാശം പരത്തുന്ന ദീപസ്തംഭങ്ങളല്ലേ?

ഒരു നേർവര വീണ്ടും നേരേയാക്കാനാവാത്ത വിധം അമ്മയുടെ ജീവിതം ദൈവസന്നിധിയിൽ ശ്രേഷ്ഠവും പൂർണ്ണവുമായ നേർരേഖയാണ്. സ്വർഗ്ഗത്തിനോ ഭൂമിയ്ക്കോ അമ്മയോട് നിരന്തര ഭക്തി സഭകളിൽ വർദ്ധിച്ചു വരാനുള്ള കാരണത്തെ കുറിച്ച് ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ അമ്മയോട് പുലർത്തുന്ന ഭക്തി നമ്മുടെ നിത്യരക്ഷയ്ക്കു എത്ര സുദൃഢമായ ഉറപ്പാണെന്ന് വ്യക്തമാക്കുവാൻ ഒരു കഥ പറയുന്നുണ്ട്. ഒരു ദിവസം സ്വർഗ്ഗത്തിൽ അസാധാരണമായ ആഹ്ലാദാരവം കേട്ട് ഈശോ നോക്കിയപ്പോൾ ഒരിക്കലും സ്വർഗ്ഗത്തിൽ എത്തില്ലെന്നു കരുതിയിരുന്ന അനേകരെ അവിടെ കണ്ടു. വാത്സല്യം കലർന്ന പരിഭവത്തോടെ ഈശോ പത്രോസിനോട് ചോദിച്ചു, സ്വർഗ്ഗ വാതിലിന്റെ താക്കോൽ നിന്റെ പക്കലല്ലേ? ഇവർ എങ്ങനെ ഇവിടെ എത്തി? പത്രോസ് ക്ഷമാപണ രൂപത്തിൽ മറുപടി നല്കി, നാഥാ വാതിലിന്റെ താക്കോൽ എന്റെ കൈകളിൽ സുരക്ഷിതമാണ്. എന്നാൽ അങ്ങയുടെ അമ്മ സ്വർഗ്ഗത്തിന്റെ ജനലുകൾ തുറന്ന് ഓരോരുത്തരേയും പ്രവേശിപ്പിക്കുന്നു. എനിക്ക് എന്തു ചെയ്യാൻ കഴിയും? ഒരമ്മയ്ക്കും സ്വന്തം മക്കളെ പുറത്താക്കാൻ ആവില്ല. പരിശുദ്ധ അമ്മയെ വീട്ടിൽ സ്വീകരിച്ചവരെ, മരണശേഷം അമ്മയുടെ ഭവനത്തിലേക്ക് അമ്മ പ്രവേശിപ്പിക്കാതിരിക്കുമോ? പരിശുദ്ധ അമ്മ കൃപ നിറഞ്ഞവളാണ്. ദൈവത്തിന്റെ ആത്മാവ് നിറഞ്ഞ വ്യക്തിയാണ്. അമ്മയുടെ മക്കൾ തങ്ങളുടെ ഉള്ളിലെ തിന്മകളോടും തിന്മയുടെ പ്രേരണകളോടും നിരന്തരം പോരാടുകയും ദൈവത്തിലേക്ക് നിർത്താതെ ഓടുകയും ചെയ്യുന്നവരാകുവാൻ അനുഗ്രഹിക്കണമേ

## അബദ്ധ വഴികൾ സ്പിരിറ്റ് ഇൻ ജീസസ്

മരണാനന്തര ജീവിതത്തെകുറിച്ചും ആത്മാക്കളുടെ അവസ്ഥയെകുറിച്ചും കത്തോലിക്കാ വിശ്വാസത്തിന് വിരുദ്ധമായി പഠിപ്പിക്കുന്ന പ്രസ്ഥാനമാണ് സ്പിരിറ്റ് ഇൻ ജീസസ്. കത്തോലിക്ക ആദ്ധ്യാത്മികതയിലെ മരിയ ഭക്തിയും ദിവ്യകാരുണ്യ ഭക്തിയും മറയാക്കി അബദ്ധ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുകയും മറ്റു മതസ്ഥരുടെ ആചാരങ്ങളെ അവഹേളനപരമായി പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട് ഇവർ.



# Blessed Rani Maria

**(1954 - 1995)**

November 4th 2017 will go down in the history of the Syro Malabar church as a day of extraordinary blessing. It is on this day that a daughter of this church, Sr. Rani Maria, was elevated to the status of 'Blessed'. In 2003, her journey of beatification started and in 2007 she was conferred by the title of Servant of God.

Rani Maria was born on January 29, 1954, as the second of seven children of Paily and Eliswa Vattalil at Pulluvazhy, a small village near Kochi, Kerala.

She joined Franciscan Clarist Convent at Kidangoor near Palai in 1972 and made her first profession on May 1, 1974. She began her mission in northern India in Bijnore in 1975 and then came to Udainagar in 1992.

Throughout her life, Sister Rani Maria worked tirelessly to help the villagers - mostly poor tribal - to obtain financial credit and other forms of economic support. She worked tirelessly to help this often oppressed sector of society.

The nun was 41 when Samandar Singh, hired by some landlords, stabbed her inside a bus on February 25, 1995. She died on the roadside at Nachanbore Hill, near Indore.

Behind prison walls, Samandar began plotting how he could take revenge against the man who pushed him to kill the nun. But he also received a visit from another nun, Sister Selmi Paul, who happened to be the murdered nun's own sister. She hugged him and called him brother. He was profoundly touched by it, so much so that from this embrace his journey of repentance began. He gave up plans for revenge and accepted the sorrow caused by the murder. Eventually, Samandar was released because of a petition signed by Sister Rani's family, the provincial of the Clarist congregation and the bishop of Indore. He now leads an exemplary life in his village in central India after serving his life term. He helps tribalpeople and for him Sister Rani's family has become his own.

"I regularly visit her tomb," Samandar Singh said. "For me, it is like a sanctuary of peace and strength." "I want everyone to know that Christians work to make India great. He now says, "Christians are India's hope."

"The Spirit of the Lord is upon me because He has anointed me to preach the Good News to the poor. He has sent me to proclaim release to the captives and recovering of sight to the blind, to set at liberty those who are oppressed, to proclaim the acceptable year of the Lord (Lk.4: 18)". This Gospel verse was the motto of Sr. Rani Maria, who wrote it down in her personal recording.

Impelled by the love of God, she never tired of serving others. "She was courageous enough to confront others for their wrong doing and immature dealings"and "she showed courage to speak out openly". Sr. Rani Maria had a special enthusiasm to call on the name of Jesus and pray among the people of other faith. She encouraged all to proclaim the name of Jesus courageously everywhere. At the same time, she was tolerant of the people of other religions. In their turn they showed respect and love towards her.

As she was an evangelizer in her life she continues the proclamation even after death in many ways. Sr.Rani Maria died as a martyr shedding her blood for the emancipation of women and for the uplift of the poor and oppressed and exploited people. She is certainly the first martyr to be beatified in India.

In moments of crises and difficulties, Blessed Rani Maria's life is an inspiration and encouragement.

# St. Mary's Mass Centre, Christ Nagar, Anekal

**Kempavadarahalli, Kasaba Hobli, Anekal Taluk, Bengaluru Urban Dt, Karnataka - 562 106**
**Phone: +91 9742863560 , Email: christnagarblr@gmail.com, www.christnagarblr.com**



മണ്ഡ്യ രൂപതയുടെ വളർച്ചയുടെ ചരിത്രത്തിൽ മറ്റൊരു നാഴികക്കല്ലു കൂടി പിന്നിടുന്ന ദിവസമായിരുന്നു നവംബർ 5, 2017. ജിഗനി - അനേക്കൽ റോഡിൽ 2017 ജൂണിൽ ആരംഭിച്ച Christ Nagar School, St.Mary's Mass Centre ൽ വി. ബലിയർപ്പിച്ച് പുതിയ ഒരു ആരാധന സമൂഹം രൂപപ്പെട്ടു. 23 കുടുംബാംഗങ്ങൾ വി. ബലിയിൽ പങ്കെടുത്തു. Jnanodaya CMC സന്യാസിനികൾ ശുശ്രൂഷകൾക്കും കുട്ടികൾക്കുള്ള catechism പഠനത്തിനും സഹായിക്കുന്നു. പള്ളികൂദാശകാലം ആരംഭിക്കുന്ന Nov. 5 ഒന്നാം ഞായർ തന്നെ പുതിയ ആരാധനസമൂഹം രൂപപ്പെട്ടത് തികച്ചും ദൈവഹിതം.

St.Thomas ഇടവകാംഗങ്ങളുടെ നിർലോഭമായ സഹകരണത്തോടെ ആരംഭിച്ചതാണ് ഈ ആരാധന സമൂഹം. മിശിഹായുടെ മൗതിക ശരീരമായ സഭയുടെ വളർച്ചയിൽ നമുക്ക് സന്തോഷിക്കാം. ദൈവത്തിന് നന്ദിയർപ്പിക്കാം. അഭിവന്ദ്യ പിതാവിന് കൃതജ്ഞത നേരാം.

# സാന്തോം സൗഹാർദ്ദ കോപ്പറേറ്റീവ് ലിമിറ്റഡിന്റെ വാർഷിക പൊതുയോഗം നടന്നു

സാന്തോം സൗഹാർദ്ദകോപ്പറേറ്റീവ് ലിമിറ്റഡിന്റെ 4-ാം വാർഷിക പൊതുയോഗം സെപ്റ്റംബർ 3-ാം തിയതി രാവിലെ 10.30നു മിസ്. ലിന്റാ ജോസിന്റെ പ്രാർത്ഥനാ ഗീതത്തോടെ സെന്റ് തോമസ് ട്രസ്റ്റ് വക എ.സി ഹാളിൽ വച്ച് ടത്തി. യോഗാദ്ധ്യക്ഷനാകേണ്ടിയിരുന്ന റവ. ഫാ, സിറിയക്ക് മഠത്തിൽ സി.എം.ഐക്ക് അനിവാര്യമായി മറ്റൊരു പരിപാടിയിൽ പങ്കെടുക്കേണ്ടി വന്നതുകൊണ്ട് സംഘം വൈസ് പ്രസിഡണ്ട് ശ്രീ ഇഗ്നേഷ്യസ് ആണ് യോഗനടപടികൾ മുമ്പോട്ടു നയിച്ചത്. 2016 -17 ലെ പ്രവർത്തന റിപ്പോർട്ട്, ലാഭനഷ്ടകണക്ക്, ആസ്തി. സാദ്ധ്യത നില ഓഡിറ്റ് റിപ്പോട്ട് ഇവകളുടെ അവതരണം, അടുത്ത വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഇവയായിരുന്നു നടപടിക്രമങ്ങൾ. ഷെയറിന് Rs. 53 ഡിവിഡന്റ് പ്രഖ്യാപിച്ചു. രണ്ട് ബൈലോ മാറ്റാൻ നിർദ്ദേശങ്ങൾ അവതരിയ്ക്കപ്പെട്ടത് യോഗം അംഗീകരിച്ചു. അംഗങ്ങൾക്ക് എടുക്കാവുന്ന ഷെയറുകളുടെ പരിധികൾ കൂട്ടുക (20ൽ നിന്നും 50 ആകുന്നു.) സംഘത്തിന് പ്രവർത്തിക്കുവാൻ കോർപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റ് നിശ്ചയിച്ചു നൽകിയ പ്രദേശങ്ങളിൽ അനുഭവവെളിച്ചത്തിൽ, ഒരു മണ്ഡലം മാറ്റിവാങ്ങുക എന്നിവയായിരുന്നു (സി.വി രാമൻ നഗറിനു പകരം ജയനഗർ) മറ്റു നിർദ്ദേശങ്ങൾ. യോഗ നടപടികളുടെ വിവിധഘട്ടങ്ങളിൽ ഡയറക്ടർമാരായ അഡ്വ. പി.ജെ. ലാസർ, തോമസ് ജോസഫ്, സി.ഇ.ഒ കെ.എ ഡേവീസ് എന്നിവർ പ്രധാന പങ്ക് വഹിച്ചു. യോഗസമാപനത്തിൽ ഡയറക്ടർ എ.സി ചാക്കോ കൃതജ്ഞത പറഞ്ഞു. ഡയറക്ടർമാരായ ശ്രീമതി അമ്മു മാത്യൂ, ആലീസ് തോമസ് എന്നിവരും പങ്കെടുത്തിരുന്നു.

കോർപ്പറേറ്റീവ് വായ്പ ആവശ്യക്കാർ ധാരാളം സമീപിക്കുന്നുണ്ട്. സാധാരണയായി വാണിജ്യ ബാങ്കുകൾ, വായ്പാ യോഗ്യത ഇല്ല എന്ന കാരണത്താൽ അവഗണിക്കുന്നവർക്ക് സംഘത്തിൽ നിന്നും വായ്പ മിക്കവാറും അനുവദിക്കപ്പെടാറുണ്ട്. ഇങ്ങനെയുള്ളവരുടെ ഇടയിൽ പ്രവർത്തിക്കുന്നതുകൊണ്ട് സംഘം നടത്തിപ്പുകാർക്ക് കൈവരുന്ന വിശ്വാസമാണ് ഇതിന് അടിസ്ഥാനം. വായ്പ്പാ അപേക്ഷകരുടെ സാമാന്യ ആവശ്യങ്ങൾക്ക് അനുസൃതമായി വായ്പ്പാ നയങ്ങൾ രൂപപ്പെടുത്തുവാൻ കഴിയുന്നതും വായ്പ അനുവദിക്കുന്നതിന് സഹായകരമാകുന്നു. ശ്രദ്ധിക്കേണ്ടത്, സംഘത്തിന് പ്രവർത്തന മൂലധനം കൂടിയെങ്കിൽ മാത്രമേ വായ്പ്പാ പ്രക്രിയ മുമ്പോട്ടു പോവുകയുള്ളു എന്നതാണ്. അതിനു വേണ്ടത് പുതിയ അംഗങ്ങളെ ആകർഷിക്കുക ഇപ്പോൾ ഉള്ള അംഗങ്ങൾ തന്നെ കൂടുതൽ ഷെയറുകൾ എടുക്കുന്നവരിൽ നിന്നും ഡിപ്പോസിറ്റ് സ്വരൂപിക്കുക എന്നിവയാണ്. ഇനി മുൻഗണന കൊടുക്കേണ്ടത് പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുന്നതിനാണ് എന്നു വരുന്നു.



# CHRISTMAS TIDBITS!!




The word **'Christmas'** comes from old English, the Mass of Christ or Christ's Mass. Even the word 'holiday' is derived from the phrase 'Holy Day'.



**Santa Claus** IS St. Nicholas (4th Century Bishop of Myra--modern day Turkey). St. Nick went around throwing coins into the homes of poor people at Christmas. Bishop Nicholas would toss coins through windows into the homes of people in need. Legend says that some coins bounced into the stockings a family had drying by the fireplace, the basis of the modern custom of hanging stockings by the mantle for Santa to fill.



**Candy canes** are shaped as shepherd's staffs, because Jesus is the Good Shepherd. They are traditional red and white striped, the white symbolizing the purity of Jesus, the sacrificial lamb. The red symbolizing the blood the Lamb shed for our sins. And the candy cane upside down looks like the letter 'J' for Jesus. And too, the stripes call to mind the prophecy of Isaiah “by His stripes we are healed” (Isaiah 53:5).



The **Holly bush** used for wreaths is a thorny bush, marking the crown of thorns He wore during His Passion. The red berries of the holly represent the drops of His blood.

The **Christmas tree** is an evergreen, to remind us of God's everlasting love. The star on top of the tree symbolizes the star of Bethlehem.





**Bethlehem** in English means "House of Bread"
"I am the Bread of Life. He who comes to me will never go hungry". (John 6:35)
"Take this Bread and eat it, It IS my body..." (Mark 14:22)

The **Manger,** Christ's first crib, was a lamb's feed box.



"I am the living bread that came down from heaven. If anyone eats of this bread, he will live forever. This bread is my flesh, which I will give for the life of the world." (John 6:51) So, the living Bread was delivered to the House of bread in a food dish for His sheep to eat.

The **stable** He was born in was actually a cave. Because of the terrain and natural conditions of the area, the ancient people of Israel had primarily stone buildings, and used natural caves as much as possible.





It is proper to use **'X-mas'** as an abbreviation. The practice goes back to the early monks' writings. The X is really the Greek Letter Chi (pronounced kie) which was the symbol for Christ--the 1st letter of 'Christos'.

**The Origin of the Twelve Days of Christmas**

You're all familiar with the Christmas song, "The Twelve Days of Christmas" !
